ളിലെ ഉദ്യോഗസ്ഥൻമാർക്ക് ആവശ്യമായ വിമാന ടിക്കറ്റുകൾക്ക് ഒ.ഡി.ഇ.പി.സി യെ സമീപിക്കേണ്ടതാണ് എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

100 (496) ബീഡി, സിഗാർ തൊഴിലാളി ബോർഡിനുവേണ്ടി സബ് ഓഫീസ്

ശ്രീ. എം.വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബീഡി, സിഗാർ തൊഴിലാളി ബോർഡിന് സബ് ഓഫീസ് അനുവദിക്കുന്നതിനുവേണ്ടി ഏതെങ്കിലും ഹർജി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബീഡി, സിഗാർ തൊഴിലാളി ക്ഷേമ ബോർഡിന്റെ പ്രവർത്തനം 15.3.99-ന് ആരംഭിച്ചിട്ടേയുള്ളൂ. ആയതിനാൽ ബോർഡിന്റെ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് സബ് ഓഫീസുകൾ തുറക്കണമോ വേണ്ടയോ എന്ന കാര്യം പരിശോധിച്ചുവരുന്നതേയുള്ളൂ.

101 (497) ഡോക്ടർമാരുടെ കുറവ്

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസിൽ ഡോക്ടർമാരുടെ കുറവുണ്ടോ; എങ്കിൽ എത്ര;

(ബി) ഡോക്ടർമാർ ഇല്ലാത്ത ആശുപത്രികൾ ഈ വകുപ്പിലുണ്ടോ;

(സി) എങ്കിൽ പി.എസ്.സി. വഴി ഈ തസ്തികകളിൽ നിയമനം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഡോക്ടർമാർ ഇല്ലാത്ത സ്ഥലങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം നടത്തി കുറവ് പരിഹരിക്കുമോ?

ഉത്തരം

(എ) 72 ഡോക്ടർമാരുടെ കുറവുണ്ട്.

(ബി) ഇല്ല.

(സി)&(ഡി) നിലവിലുള്ള ഒഴിവുകളിൽ പി.എസ്.സി. വഴി നിയമനം നടത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly